SUNDAY 22.10.2023 ഞായറാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU

Agriculture Development and Farmer's Welfare Department
GOVERNMENT OF KERALA


Chief Editor : ASA S KUMAR

Editor : Dr BINU HARRIET IVAN

Farm Information Bureau, Kowdiar, Thiruvananthapuram – 695003
Website : fibkerala.gov.in; E-mail : piofibvm@gmail.com,
fibnewstvm@gmail.com
Telephone : 0471 – 2318186, 2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷികവാർത്തകൾ (FIB FARM NEWS)-22/10/202

1. തെങ്ങ് കയറ്റം, തെങ്ങ് സംരക്ഷണം, വിളവെടുപ്പ് ഉൾപ്പടെ തെങ്ങു കൃഷിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നതിനായി നാളികേര വികസന ബോർഡ്, തെങ്ങിൻറെ ചങ്ങാതിമാർക്കായി കോൾ സെൻറർ ഉടൻ ആരംഭിക്കും. കേരളത്തിലെവിടെയുമുള്ള കേര കർഷകർക്ക് വിളിപ്പുറത്ത് തെങ്ങിൻറെ ചങ്ങാതിമാരെ ലഭ്യമാക്കുകയെന്നതാണ് കോൾ സെൻറർ സ്ഥാപിക്കുന്നതിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത്. ബോർഡിന്റെ ആസ്ഥാനമായ കൊച്ചിയിലാണ് കോൾ സെൻററിൻറെ പ്രവർത്തനം. വിളവെടുപ്പ്, തെങ്ങിന്റെ മണ്ട വൃത്തിയാക്കൽ, മരുന്നു തളിയ്ക്കൽ, രോഗകീട നിയന്ത്രണം, നഴ്സറി പരിപാലനം, കൃത്രിമ പരാഗണം, വിത്തുതേങ്ങ സംഭരണം തുടങ്ങിയ സേവനങ്ങൾ ഈ പദ്ധതിയിലൂടെ കേര കർഷകർക്ക് പ്രയോജനപ്പെടുത്താം. കൂടുതൽ വിവരങ്ങൾക്ക് 0484 2377266 (Extn: 137) എന്ന ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഇതിനുപുറമെ കർമ്മനിരതരായി സേവനം ചെയ്യാൻ തയ്യാറായിട്ടുള്ള മറ്റു ചങ്ങാതിമാർക്കും കോൾ സെൻററിൽ രജിസ്റ്റർ ചെയ്യാം. ഇതിനായി 8848061240 എന്ന നമ്പറിൽ ബന്ധപ്പെടുകയോ, പേര്, മേൽവിലാസം, ബ്ലോക്ക്/പഞ്ചായത്ത്, ഫോൺ നമ്പർ തുടങ്ങിയ വിവരങ്ങൾ വാട്ട്സ് ആപ്പ് സന്ദേശമായി ഈ നമ്പരിൽ അയക്കേണ്ടതാണ്.

2. കൃഷിഭവന്റെ പ്രവർത്തനങ്ങളെക്കുറിച്ച് കർഷകർക്കുള്ള സംശയങ്ങൾക്കു മറുപടിയുമായി 'കൃഷിഭവനും കർഷകരും' എന്ന ഓൺലൈൻ സെമിനാർ സംഘടിപ്പിക്കുന്നു. കൃഷിവകുപ്പ് ചേർത്തല അസിസ്റ്റന്റ് ഡയറക്ടർ വിഷയം അവതരിപ്പിക്കുന്നത്. 2023 ഒക്ടോബർ 27 വെള്ളിയാഴ്ച രാത്രി 8.30 മുതൽ ഗൂഗിൾമീറ്റിലാണ് പരിപാടി. എന്റെകൃഷി.കോമും ഡിജിറ്റൽ ഫാർമേഴ്സ് അസോസിയേഷനും സംയുക്തമായാണ് പരിപാടി സംഘടിപ്പിക്കുന്നത്. ക്ലാസ് തികച്ചും സൗജന്യമാണ്. താൽപര്യമുള്ളവർ 9656933339 എന്ന നമ്പരിൽ പേരും ജില്ലയും കൃഷിബന്ധവും അറിയിച്ചാൽ ലിങ്ക് അയച്ചുതരുന്നതാണ്.

3. പ്രധാനമന്ത്രി മത്സ്യ സമ്പദ് യോജന വിവിധ ഘടക പദ്ധതികൾക്ക് അപേക്ഷ ക്ഷണിച്ചു. മത്സ്യകുഞ്ഞുങ്ങളുടെ നഴ്സറി/ മത്സ്യ പരിപാലന യൂണിറ്റ്, കല്ലുമ്മക്കായകൃഷി, മീഡിയം സ്കെയിൽ അലങ്കാര മത്സ്യകൃഷി, ഇന്റഗ്രേറ്റഡ് ഓർണമെന്റൽ ഫിഷ് റിയറിങ് യൂണിറ്റ്, ഇൻസുലേറ്റഡ് വെഹിക്കിൾ, മത്സ്യബൂത്ത് നിർമാണം, ഓരുജല കുള നിർമാണം, ശുദ്ധജല മത്സ്യകൃഷിക്കായുള്ള പ്രവർത്തന ചെലവ്,

ഓരുജല മത്സ്യകൃഷിക്കായുള്ള പ്രവർത്തന ചെലവ് എന്നിവയാണ് പദ്ധതികൾ. എല്ലാ പദ്ധതികളുടെയും നിശ്ചിത മാതൃകയിലുള്ള അപേക്ഷ കണ്ണൂർ, തലശ്ശേരി, മാടായി, അഴീക്കോട് മത്സ്യഭവനുകളിൽ ലഭിക്കും. പൂരിപ്പിച്ച അപേക്ഷ അനുബന്ധ രേഖകൾ സഹിതം 2023 ഒക്ടോബർ 28ന് വൈകിട്ട് 4 മണി വരെ ബന്ധപ്പെട്ട ഓഫീസുകളിൽ സ്വീകരിക്കും. ഫോൺ – 0497 2732342.

4. തിരുവനന്തപുരം ജില്ലയിൽ 2022-23 വർഷത്തിൽ മികച്ച ജന്തുക്ഷേമ പ്രവർത്തനങ്ങൾ നടത്തിയ വ്യക്തി / സംഘടനയ്ക്ക് മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ജില്ലാ തലത്തിൽ തെരെഞ്ഞെടുത്ത് പുരസ്ക്കാരം നൽകുന്നു. മികച്ച പ്രവർത്തനങ്ങൾ കാഴ്ചവച്ച വ്യക്തികൾ രജിസ്ട്രേർഡ് സംഘടനകൾ എന്നവർക്ക് അപേക്ഷിക്കാം . നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകളും ബന്ധപ്പെട്ട രേഖകളും പ്രവർത്തനങ്ങളുടെ വിവരങ്ങൾ സഹിതം 2023 ഒക്ടോബർ മാസം 30-ാം തീയതിയ്ക്കകം തിരുവനന്തപുരം ജില്ലാ വെറ്ററിനറി കേന്ദ്രത്തിൽ സമർ പ്പിക്കണം. കഴിഞ്ഞ അഞ്ച് വർഷത്തിൽ അവാർഡ് ലഭിച്ചവരെ ഈ വർഷം അവാർഡിനായി പരിഗണിക്കുന്നതല്ല. തെരെഞ്ഞെടുക്കുന്നവർക്ക് 10000/- രൂപ ക്യാഷ് അവാർഡ് നൽ കുന്നതാണ്. അപേക്ഷ ബന്ധപ്പെട്ട വെറ്ററിനറി ഡോക്റ്ററുടെ ശുപാർശ സഹിതം സമർപ്പിക്കേണ്ടതാണ്. അപേക്ഷാ ഫാറത്തിന് അടുത്തുള്ള മൃഗാശുപത്രിയുമായി ബന്ധപ്പെടണമെന്ന് ചീഫ് വെറ്ററിനറി ഓഫീസർ അറിയിച്ചു.

## പരിശീലന പരിപാടി

5. ആലപ്പുഴ ജില്ലയിലെ കായംകുളം കൃഷി വിജ്ഞാന കേന്ദ്രത്തിന്റെ ആഭിമുഖ്യത്തിൽ 2023 ഒക്ടോബർ 26 - -ാം തീയതി "ശാസ്ത്രീയ ചിപ്പിക്കൂൺ കൃഷി" എന്ന വിഷയത്തിൽ പരിശീലന പരിപാടി ഉണ്ടായിരിക്കുന്നതാണ്. പ്രസ്തുത പരിശീലനത്തിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ഹെഡ്, കൃഷി വിജ്ഞാന കേന്ദ്രം, സി. പി. സി. ആർ. ഐ., കായംകുളം എന്ന മേൽവിലാസത്തിലോ, 0479 - 2449268/2959268/9447790268 എന്ന ഫോൺ നമ്പരിലോ പ്രവർത്തി ദിവസങ്ങളിൽ ബന്ധപ്പെട്ട് 500 രൂപ പരിശീലന ഫീസ് അടച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്ത് പരിശീലന ദിവസം രാവിലെ 9.30ന് ഹാജരാകേണ്ടതാണ്. ആദ്യം പേര് രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം.

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം